പായ്ക്കറ്റ് ഭക്ഷ്യ വസ്തുക്കൾക്ക് HACCP, 15,022,000 അഗ്മാർക്ക് എന്നീ ഗുണമേന്മ നിർബന്ധമാക്കിയിട്ടുണ്ട്. CFRD യുടെ കോന്നിയിലുള്ള മൈക്രോ ബയോളജിക്കൽ ലാബിൽ ജൈവസൂക്ഷ്മാണു പരിശോധന ആവശ്യമെങ്കിൽ നടത്തുന്നു. സാധനങ്ങൾ കൈപ്പറ്റിയശേഷം ഗുണനിലവാര വ്യതിയാനം ശ്രദ്ധയിൽപ്പെട്ടാൽ കരാറുകാരിൽ നിന്ന് മാറ്റിവാങ്ങാനുള്ള സംവിധാനം ഉണ്ട്. കാലാകാലങ്ങളിൽ ഗുണനിലവാരത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ഉൾകൊണ്ട് പരിശോധന കൂടുതൽ ശക്തിപ്പെടുത്തുന്നു. കർശനമായ ഗുണനിലവാരം പാലിക്കുവാനും സപ്ലൈകോയുടെ ഗോഡൗണുകളും ഔട്ട്ലെറ്റുകളും ശുദ്ധമായും വൃത്തിയായും പരിപാലിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സപ്ലൈകോയുടെ വിജിലൻസ് വിഭാഗം സാമ്പിളുകൾ ശേഖരിച്ച് പരിശോധിപ്പിക്കുന്നുണ്ട്. ഗുണമേന്മയിൽ സംശയം തോന്നിയാൽ അത്തരം സാധനങ്ങളുടെ വില ഉപഭോക്താവിന് നൽകുവാനുള്ള സംവിധാനം നിലവിലുണ്ട്. സപ്ലൈകോയിൽ നിലവിലുള്ള ഈ ശക്തമായ ക്വാളിറ്റി സംവിധാനം മറ്റ് പ്രൈവറ്റ് സ്ഥാപനങ്ങളിലോ റീട്ടെയിൽ ശൃംഖലയിലോ പൊതുമേഖല സ്ഥാപനങ്ങളിലോ നിലവിലില്ല. കൂടാതെ കോർപ്പറേഷന്റെതന്നെ വിജിലൻസ് വിഭാഗം കർശനമായ ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. ഇതിനുപുറമേ ഗുണനിലവാര പരിശോധന കൂടുതൽ കർശനമാക്കാൻ എല്ലാ തലങ്ങളിലും നിർദ്ദേശം നൽകി നിരീക്ഷിച്ചുവരുന്നു.

(ഇ) സപ്ലൈകോവഴി വിൽപ്പന നടത്തുന്ന അവശ്യ സാധനങ്ങളുടെ സബ്സിഡി വില നിശ്ചയിക്കുന്നത് സർക്കാർ തലത്തിലാണ്. എല്ലാ മാസവും ഈ രീതിയിൽ നിശ്ചയിച്ച് നൽകുന്ന വിലകൾ 2006 സെപ്തംബർ മാസത്തിന് ശേഷം കാര്യമായി വർദ്ധിപ്പിച്ചിട്ടില്ല. തുവരപ്പരിപ്പ്, മല്ലി, ഉഴുന്ന് എന്നിവയുടെ വിലകൾ മാത്രമാണ് നേരിയ തോതിൽ വർദ്ധിപ്പിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ അവശ്യ ഭക്ഷ്യവസ്തുക്കളുടെ വിലസ്ഥിരത കഴിഞ്ഞ നാലുവർഷങ്ങളായി തുടരാൻ കഴിയുന്നുണ്ട്.

**സാഹസിക അക്കാഡമി**

22 (*322) ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. എ. എം. യൂസഫ് :
ശ്രീ. എം. ഹംസ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവാക്കളിലെ സാഹസിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഇതിനായി സ്ഥാപിച്ചിട്ടുള്ള സാഹസിക അക്കാഡമിയുടെ പ്രവർത്തനം വിശദമാക്കുമോ ;

(സി) കൂടുതൽ കേന്ദ്രങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അഡ്വഞ്ചർ ടൂറിസത്തോട് യുവജനങ്ങളുടെ താൽപ്പര്യം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഈ കേന്ദ്രങ്ങളെ ടൂറിസവുമായി ബന്ധിപ്പിച്ച് വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. വി. സുരേന്ദ്രൻപിള്ള) : സർ,

(എ & ബി) യുവാക്കളിൽ സാഹസിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രധാനമായും യുവാക്കൾക്കായി അഡ്വഞ്ചർ കാർണിവൽ എല്ലാ വർഷവും സംഘടിപ്പിച്ചുവരുന്നു. യുവാക്കളിൽ സാഹസിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഇടുക്കി ജില്ലയിലെ ദേവികുളത്ത് പ്രവർത്തിക്കുന്ന ദേശീയ സാഹസിക അക്കാഡമിയിലൂടെയും കണ്ണൂർ ജില്ലയിലെ മുഴുപ്പിലങ്ങാട് സാഹസിക അക്കാഡമി സർഫ് സെന്റർ മുഖേനയും യുവജനക്ഷേമ ബോർഡ് നിരവധി സാഹസിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. സ്പെഷ്യൽ ഓഫീസർമാരാണ് ഇതിന്റെ ചുമതല നിർവ്വഹിക്കുന്നത്. ഇവരുടെ നേതൃത്വത്തിൽ പരിശീലനവും നൽകിവരുന്നുണ്ട്. നോർത്ത്-ഈസ്റ്റ് മൺസൂൺ ട്രക്കിംഗ്, ഇന്റർ സ്റ്റേറ്റ് ട്രക്കിംഗ്, ബീച്ച് ഫെസ്റ്റ്, പാരാ ഗ്ലൈഡിംഗ്, പാരാസെയിലിംഗ് തുടങ്ങിയവയാണ് അഡ്വഞ്ചർ അക്കാഡമിവഴി സംഘടിപ്പിച്ച പ്രധാന പരിപാടികൾ.

(സി & ഡി) ഇപ്പോൾ പരിഗണനയിലില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

**കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ**

**23 (*323)** ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. വി. ശശികുമാർ :
ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) വായ്പാ കുടിശ്ശിക നിരക്കിൽ കുറവ് വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) വായ്പാ കുടിശ്ശിക വരുത്തിയവർക്ക് എന്തെങ്കിലും ആനുകൂല്യം നൽകിയിട്ടുണ്ടോ ;

(ഡി) പുതുതായി എന്തെല്ലാം വായ്പാ പദ്ധതികൾ നടപ്പാക്കി എന്ന് വ്യക്തമാക്കുമോ ;

(ഇ) വായ്പാ നടപടികൾ ലളിതമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly